അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലങ്ങൾ അവയിലെ മസ്ജിദുകളും, അവന് ഏറ്റവും വെറുപ്പുള്ള സ്ഥലങ്ങൾ അവയിലെ അങ്ങാടികളുമാണ്

അബൂഹുറൈറ -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -□- പറയുന്നു: "അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലങ്ങൾ അവയിലെ മസ്ജിദുകളും , അവന് ഏറ്റവും വെറുപ്പുള്ള സ്ഥലങ്ങൾ അവയിലെ അങ്ങാടികളുമാണ്."
[صحيح] [رواه مسلم]

അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ട സ്ഥലങ്ങൾ അവന്റെ മസ്ജിദുകളാണ് ; കാരണം അവ ആരാധനകളുടെയും നന്മകളുടെയും ഭവനങ്ങളാണ്; മസ്ജിദുകൾ പടുത്തുയർത്തപ്പെടുന്നത് തഖ്‌വയുടെ (സൂക്ഷ്മതയുടെ) അടിത്തറക്ക് മുകളിലുമാണ്. അല്ലാഹുവിന് ഏറ്റവും വെറുപ്പുള്ള സ്ഥലങ്ങൾ ചന്തകളാണ്; കാരണം അവ സാധാരണയായി വഞ്ചനയുടെയും ചതിയുടെയും പലിശയുടെയും കള്ളസത്യങ്ങളുടെയും വാഗ്ദാനലംഘനങ്ങളുടെയും അല്ലാഹുവിന്റെ സ്മരണയിൽ നിന്നുള്ള അകൽച്ചയുടെയും കേന്ദ്രങ്ങളാണ്.

http://www.sunnah.global/hadeeth/ml/show/4933